Email:-keralarcs.coop@kerala.gov.in
website:- www.cooperation.kerala.gov.in
Fax- **0471-2331513**
Tel- **0471-2330726**

സി.ജി.(1) 32116 /2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **31.12.2015**

# സർക്കുലർ നമ്പർ 57/2015

വിഷയം- സഹകരണ വകുപ്പ്-സഹകരണ സ്ഥാപനങ്ങൾ മുഖേന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത്-മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന- 1 സഹകരണ സംഘം രജിസ്ട്രാറുടെ 11.8.2014 ലെ 40/14-ാം നമ്പർ സർക്കുലർ
2 സർക്കാരിന്റെ 25.3.2015 ലെ സ.ഉ.(കൈ) 40/2015/സഹ: നമ്പർ ഉത്തരവ്
3 റെയ്ഡ്കോ മാനേജിംഗ് ഡയറക്ടറുടെ 27.7.2015 തീയിതിയിലെ ജി1/ആർ.സി.എസ്./2015-16 നമ്പർ കത്ത്

തദ്ദേശ സ്വയം ഭരണവകുപ്പ് ഇടപ്പഴിഞ്ഞി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 908 നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള സേവന ദാതാവായി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇടപ്പഴിഞ്ഞി സഹകരണ സംഘം നിർമ്മിച്ചു വരുന്ന ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിനും, വായ്പ നൽകുന്നതിനും, കേരളത്തിലെ എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും അനുമതി നൽകിയും, സ്വന്തമായി വിപണന സൗകര്യമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇടപ്പഴിഞ്ഞി സഹകരണ സംഘം നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിറ്റഴിക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുന്നതിനും അനുമതി നൽകി സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട.

സഹകരണ സ്ഥാനങ്ങൾ മുഖേന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ വായ്പ നൽകി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം നടത്തുമ്പോൾ പ്ലാന്റുകൾ റെയ്ഡ്കോയിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശം നൽകണമെന്ന് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രൊവൈഡറായി തദ്ദേശ സ്വയം ഭരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള ഇടപ്പഴിഞ്ഞി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 908, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിന് അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അനുമതി നൽകുന്നു. സ്വന്തമായി വിപണന സൗകര്യമുള്ള

സഹകരണ സ്ഥാപനങ്ങൾക്ക് ഈ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിറ്റഴിക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുന്നതിനും അനുമതി നൽകുന്നു.

ഒപ്പ്

സഹരണസംഘം രജിസ്ട്രാർ

1) രജിസ്ട്രാർ
   കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം,
   എറണാകുളം.
2) നിയമസഭ സെക്രട്ടറി
   കേരള നിയമസഭ
3) സഹകരണ ആഡിറ്റ് ഡയറക്ടർ
   സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
4) സെക്രട്ടറി
   ഇടപ്പഴിഞ്ഞി സഹകരണ സംഘം റ്റി.908
   ഇടപ്പഴിഞ്ഞി, തൈക്കാട്. പി.ഒ
5) മാനേജിംഗ് ഡയറക്ടർ
   റെയ്ഡ്കോ, കണ്ണൂർ
6) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
8) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
   (ജോയിന്റ് രജിസ്ട്രാർ) മുഖേന
9) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മുഖേന)
10) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന്മാർക്കും
   (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
11) എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
12) വെബ്സൈറ്റ്
13) സ്റ്റോക്ക് ഫയൽ/ സ്പെയർ.